# Video conference of the BRICS Ministers of Foreign Affairs/International Relations

April 28, 2020

## BRICS ലെ വിദേശകാര്യമാത്രിമാരുടെ / അന്താരാഷ്ട്ര നയതന്ത്രജ്ഞരുടെ വീഡിയോ കോൺഫറൻസ്

ഏപ്രിൽ 28, 2020

നിലവിലെ BRICS അധ്യക്ഷനായ റഷ്യയുടെ നേതൃത്വത്തിൽ 2020 ഏപ്രിൽ 28 ന് BRICS ലെ വിദേശകാര്യമന്ത്രിമാരുടെ / അന്താരാഷ്ട്ര നയതന്ത്രജ്ഞരുടെ  വീഡിയോ കോൺഫറൻസ് നടന്നു. റഷ്യൻ ഫെഡറേഷൻ വിദേശകാര്യമന്ത്രി ശ്രീ സെർഗെയ് ലാവ്റോവ് സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു

ഇന്ത്യയെ പ്രതിനിധീകരിച്ച് വിദേശകാര്യമന്ത്രി ഡോ. എസ്. ജയ്ശങ്കർ. ബ്രസീലിലെ വിദേശകാര്യ മന്ത്രി  ശ്രീ ഏണസ്റ്റോ അറാജോ, ചൈനയുടെ സ്റ്റേറ്റ് കൗൺസിലറും വിദേശകാര്യമന്ത്രിയുമായ ശ്രീ വാങ് യി, ദക്ഷിണാഫ്രിക്കൻ റിപ്പബ്ലിക്കിന്റെ അന്താരാഷ്ട്രനയതന്ത്ര  സഹകരണ മന്ത്രിയായ ഗ്രേസ് നലെഡിപാണ്ടർ എന്നിവർ ബന്ധപ്പെട്ട അതത് BRICS രാജ്യങ്ങളെ പ്രതിനിധീകരിച്ചു.

COVID -19 പകർച്ചവ്യാധി മൂലമുള്ള അപാകതകൾ അടിസ്ഥാനമാക്കിയാണ് യോഗം വിളിച്ചു ചേർത്തത്. COVID -19 പ്രതിസന്ധി , അവയുടെ പ്രത്യാഘാതങ്ങൾ , BRICS പ്രതികരണം എന്നിവ അടിസ്ഥാനമാക്കിയാണ് ചർച്ചകൾ നടന്നത്. റഷ്യയുടെ BRICS അധ്യക്ഷതയ്ക്കു കീഴിൽ ഏറ്റെടുക്കേണ്ട പ്രവർത്തങ്ങളെക്കുറിച്ചും BRICS വിദേശകാര്യ മന്ത്രിമാർ ചർച്ച ചെയ്തു.

തന്റെ പരാമർശത്തിൽ വിദേശകാര്യമന്ത്രി ഇത്തരത്തിൽ സാധാരണമല്ലാത്ത ഒരു യോഗം വിളിച്ചു ചേർത്തതിന് റഷ്യൻ വിദേശകാര്യമന്ത്രിയ്ക്കു നന്ദി അറിയിച്ചു. ലോക ജനസംഖ്യയുടെ 42 ശതമാനത്തോളം വരുന്ന, ഗന്യമായ വളർച്ചയും, സാമ്പത്തിക നിക്ഷേപവും വ്യവസായ ഓഹരികളുമുള്ള BRICS കൂട്ടായ്മയ്ക്ക്  ആഗോള സാമ്പത്തികാവസ്ഥയും രാഷ്ട്രീയ ഘടനയും രൂപപ്പെടുത്തുന്നതിൽ പ്രധാന ചുമതലയുണ്ട് എന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു.

പൗരന്മാർക്കായുള്ള ആരോഗ്യ സേതു അപ്പ്ലിക്കേഷൻ പ്രധാനമന്ത്രി ഗരീബ് കല്യാൺ പാക്കേജ് എന്നിവയിലൂടെ രോഗവ്യാപനത്തിന്റെ ആദ്യ ഘട്ടങ്ങളിൽ ഇന്ത്യ പല തരത്തിലുള്ള സംരംഭങ്ങളും നിർണായകമായ തീരുമാനങ്ങളും എടുത്തിട്ടുണ്ടെന്നും വിദേശകാര്യമന്ത്രി കൂട്ടിച്ചേർത്തു. രോഗവ്യാപനത്തിനു മുൻപ് തന്നെ ലോകാരോഗ്യസംഘടനാ ഇതൊരു പൊതു ആരോഗ്യഅടിയന്തര ഘട്ടമായി പ്രഖ്യാപിച്ചപ്പോൾ തന്നെ ഇന്ത്യയിൽ കൊറോണ വൈറസ് പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. ദക്ഷിണ ഏഷ്യയിലെ COVID -19

പ്രതിരോധ പ്രവർത്തങ്ങൾ ഏകോപിപ്പിക്കാനുള്ള BRICS വിദേശകാര്യ മന്ത്രിമാരുടെ പരിശ്രമങ്ങളും SAARC രാജ്യങ്ങളുടെ COVID -19 അത്യാഹിത പ്രതികരണ ഫണ്ട് രൂപീകരണവും അദ്ദേഹം അഭിനന്ദിച്ചു. ആഫ്രിക്കയിലെ നിരവധി രാജ്യങ്ങൾ ഉൾപ്പടെ 85 രാജ്യങ്ങൾക്ക്, പകർച്ചവ്യാധിയോടുള്ള അവരുടെ പോരാട്ടത്തെ പ്രോത്സാഹിപ്പിക്കുന്നതിന്, ഗ്രാന്റ് അടിസ്ഥാനത്തിൽ ഇന്ത്യ മരുന്നുകൾ നൽകി സഹായിക്കുന്നുണ്ട്. ഇത് വളരെ സ്വാഗതാർഹമായ നടപടിയാണ്.

പകർച്ചവ്യാധി സമൂഹത്തിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും മാത്രമല്ല ആഗോള വ്യാപാരത്തിലും വിതരണ ശ്യംഖലയിലുമുള്ള തടസ്സം മൂലം ആഗോള സമ്പദ്ഘടനയ്ക്കു തന്നെ ഭീഷണിയാണെന്ന് വിദേശകാര്യ മന്ത്രി അഭിപ്രായപ്പെട്ടു. പലമേഖലകളിലെയും സാമ്പത്തിക പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിച്ചത് ജോലികളും ഉപജീവന മാർഗങ്ങളും നഷ്ടപ്പെടുന്നതിനു കാരണമാകുകയുണ്ടായി. ഈ പ്രതിസന്ധി തരണം ചെയ്യുന്നതിനും ജീവനോപാധികൾ നഷ്ടമാകുന്നില്ലെന്നു ഉറപ്പാക്കുന്നതിനും നമ്മൾ ബിസിനസുകളെ, പ്രത്യേകിച്ചും MSME കളെ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും അദ്ദേഹം അഭിപായപ്പെട്ടു. പ്രതിരോധ ശേഷി വർധിപ്പിക്കുന്നതിന് പരമ്പരാഗത ചികിത്സ സംവിധാനങ്ങളുടെ ക്ഷമത തിരിച്ചറിയേണ്ടതാണെന്നും BRICS ഇത്തരം പരിശ്രമങ്ങളെ പിന്തുണയ്ക്കേണ്ടതാണെന്നും വിദേശകാര്യമന്ത്രി കൂട്ടി ചേർത്തു.

നിലവിലെ പ്രതിസന്ധി ബഹുമുഖ സംവിധാനങ്ങളുടെ പരിഷ്കരണത്തിന്റെ ആവശ്യകതയെ കൂടുതൽ അടിവരയിടുന്നുവെന്നും പരിഷ്കരിച്ച ബഹുരാഷ്ട്രവാദമാണ് ഭാവിയിലേക്ക് ആവശ്യമായിട്ടുള്ളത് എന്നും വിദേശകാര്യമന്ത്രി ഊന്നിപ്പറഞ്ഞു. ആഗോള അജണ്ടയിൽ വികസനത്തിന്റെയും വളർച്ചയുടെയും കേന്ദ്രീകരണത്തെക്കുറിച്ചും അദ്ദേഹം പരാമർശിച്ചു.
2020 ലെ റഷ്യയുടെ BRICS അധ്യക്ഷതയ്ക്കും "ആഗോള സ്ഥിരത, കൂട്ടായ സുരക്ഷ കൂടാതെ പുതുമയോടെയുള്ള വളർച്ച എന്നിവയിലെ BRICS പങ്കാളിത്തം " എന്ന മൊത്തത്തിലുള്ള വീക്ഷണത്തിനും ശക്തമായ പിന്തുണ ഇന്ത്യ വീണ്ടും ഉറപ്പുനൽകി.

ഫലപ്രദമായ രീതിയിൽ തീരുമാനങ്ങൾ എടുക്കുന്നതിന് 2020 മെയ് 7 ന് BRICS ആരോഗ്യ ഉദ്യോഗസ്ഥരുടെ ഒരു വിർച്വൽ യോഗം വിളിച്ചു ചേർത്തിരുന്നു.

**ന്യൂ ഡൽഹി**
**28 ഏപ്രിൽ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.